# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

07.07.2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2070

## കേപ്പിലെ കോൺട്രാക്ട് നിയമനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കേപ്പിലെ ജീവനക്കാരെ ഏഴുവർഷ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചത് എന്നാണ്; അത്തരത്തിൽ എത്ര ജീവനക്കാർക്ക് നിയമനം നൽകി; അവരുടെ പേരും മേൽവിലാസവും അടങ്ങുന്ന പട്ടിക ലഭ്യമാക്കാമോ; | (എ) യും (ബി) യും മുൻ സർക്കാരിന്റെ അവസാന കാലയളവിൽ വിരമിച്ചതിനുശേഷം പുനർ നിയമനം ലഭിച്ചവരൊഴികെയുള്ള 293 ജീവനക്കാരുടെ നിയമന കാലാവധി 01.03.2011 മുതൽ ഏഴ വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് കേപ്പിന്റെ 23.02.2011 ൽ ചേർന്ന 113-)മത്തെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അപ്രകാരം നിയമനം നൽകിയവരുടെ ലിസ്റ്റ് അനുബന്ധം(1) ആയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം (2) ആയും ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനമെടുത്ത കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | |
| (സി) | ഏഴുവർഷ കോൺട്രാക്ടിൽ കേപ്പിൽ നിയമിച്ചിരുന്ന ജീവനക്കാർക്ക് ആർക്കെങ്കിലും സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) രണ്ട് പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (3) എ, ബി. സി ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്